24-12-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/12/2022.

1. വേങ്ങേരി അഗ്രി ഫെസ്റ്റ് 2022 ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് അവരവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രയോജനം കൂടുതൽ കർഷകരിലേക്കും ജനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. കർഷകന് കാർഷികോൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ഉപഭോക്താക്കൾക്ക് വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ദൗത്യമാണ്. അഗ്രി ഫെസ്റ്റ് പോലെയുള്ള പരിപാടികൾ ഈ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് ഏറെ പ്രയോജനപ്രദമാണെന്ന് മന്ത്രി പറഞ്ഞു. 10 ദിവസം നീണ്ടുനിൽക്കുന്ന അഗ്രി ഫെസ്റ്റിനാണ് വേങ്ങേരി അഗ്രി ഫെസ്റ്റ് രൂപം കൊടുത്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഫ്ളവർ ഷോ, കാർഷിക- കാർഷികേതര വിപണനവും പ്രദർശനവും, നാട്ടുചന്ത, കാർഷിക സെമിനാറുകൾ, ഫുഡ് കോർട്ട്, അമ്യൂസ്മെന്റ് പാർക്ക്, അലങ്കാര മത്സ്യപ്രദർശനം, കുട്ടികൾക്കുള്ള വിനോദ പരിപാടികൾ തുടങ്ങിയവ വേങ്ങേരി അഗ്രി ഫെസ്റ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

2. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ

ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. റാബി 2022-ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി **ഡിസംബർ 31** (31/12/2022) ആണ്.

3. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഐടിഐ./വി എച്ച് എസ് ഇ ഓട്ടോമൊബൈൽ എൻജിനീയറിങ്, ഡീസൽ മെക്കാനിക്, മെക്കാനിക് അഗ്രികൾച്ചർ മെഷിനറി, മെക്കാനിക്കൽ സർവീസിങ് ആൻഡ് അഗ്രോമെഷീനറി, ഫാം പവർ എൻജിനീയറിങ്, മെക്കാനിക്ക് ട്രാക്ടർ എന്നീ ട്രേഡിൽ കോഴ്സ് പാസായവരിൽ നിന്നും തെരഞ്ഞെടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നടത്തുന്നു. പ്രായപരിധി 18 -35 വയസ്സ്. താല്പര്യമുള്ളവർ 2022 ഡിസംബർ 30 ന് വൈകിട്ട് അഞ്ചുമണിക്ക് മുൻപായി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ spokksasc1@gmail.com എന്ന ഇമെയിൽ വഴി അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ 8281200673 നമ്പർ വാട്സാപ്പിലൂടെ അല്ലെങ്കിൽ ഈമെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ് എന്ന് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സി ഇ ഒ അറിയിച്ചു.

**പരിശീലന പരിപാടികൾ**

4. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 26 മുതൽ 31** വരെയുള്ള 6 ദിവസങ്ങളിലായി **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവൻ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനാർത്ഥികൾക്ക് അർഹമായ റ്റിഎ, ഡിഎ ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം. താൽപര്യമുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനാർത്ഥികൾ ഇന്ന് (ഡിസംബർ 24) വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ കിസാൻ ദിവസ് ആഘോഷത്തോടനുബന്ധിച്ച് ഈ മാസം 28-ന് (28.12.2002) സൂക്ഷ്മ ജലസേചന രീതികളെ കുറിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. ജലസംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രദർശനവും ഉണ്ടായിരിക്കും. പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ശൈത്യകാല സംരക്ഷണം മുട്ടക്കോഴികളിൽ**

6. ശൈത്യകാലത്ത് മുട്ടയുത്പാദനം കുറയാനുള്ള സാധ്യതയുള്ളതിനാൽ കൂട്ടിനുള്ളിൽ പതിനാറ് (16) മണിക്കൂർ ബൾബ് വെളിച്ചം ഉറപ്പാക്കുക. കോഴിത്തീറ്റയിൽ ഫംഗൽബാധ ഏൽക്കാതെ വൃത്തിയായി അടച്ചു സൂക്ഷിക്കുക. തീറ്റ നൽകിയ ശേഷം മാത്രം കുടിവെള്ളം ലഭ്യമാക്കുക. വൈറസ് രോഗങ്ങൾക്കെതിരായ വാക്സിനേഷൻ ശൈത്യകാലത്ത് നിർബന്ധമായും ഉറപ്പാക്കുക. ബാക്ടീരിയൽ രോഗങ്ങളായ സാൽമൊണല്ലോസിസ്, കോക്സീഡിയോസിസ് എന്നിവ തടയാൻ ആന്റിബയോട്ടിക്കുകൾ കരുതുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം